# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 225 — 09.03.2018 ലെ മറുപടിയ്ക്ക്

## പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം

**ചോദ്യം**

**ശ്രീ. ആർ. രാജേഷ്**
**,, പുരുഷൻ കടലുണ്ടി**
**,, എസ്.രാജേന്ദ്രൻ**
**,, സി. കെ. ശശീന്ദ്രൻ**

**ഉത്തരം**

**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെയിടയിൽ തോൽവിയുടെയും കൊഴിഞ്ഞു പോക്കിന്റെയും നിരക്ക് താരതമ്യേന കൂടുതലായതിനാൽ ഇത് പരിഹരിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | കൊഴിഞ്ഞു പോക്ക് തടയുന്നതിനായി പ്രീ-മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് മലയാളം ഒഴികെയുള്ള വിഷയങ്ങൾക്ക് ട്യൂഷൻ നൽകുന്നുണ്ട്. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ റസിഡന്റ് ട്യൂട്ടറേയും നിയമിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പഠനത്തിൽ താല്പര്യം വർദ്ധിപ്പിച്ച് കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പ്രീ-മെട്രിക് തലത്തിൽ ലംപ്സം ഗ്രാന്റിനു പുറമേ പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്, 9, 10 ക്ലാസുകളിൽ പഠിക്കുന്നവർക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് എന്നിവ അനുവദിച്ചു വരുന്നു. പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കുന്നവർക്ക് പ്രത്യേക പ്രോത്സാഹനസമ്മാനവും ഏർപ്പെടുത്തിട്ടിയിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ CREST മുഖേന റിസൽറ്റ് മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക കോച്ചിംഗ് ലഭ്യമാക്കുന്നുണ്ട്. ബിടെക് വിദ്യാർത്ഥികൾക്ക് റെമഡിയൽ കോച്ചിംഗ് നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) | പട്ടികജാതി വിദ്യാർത്ഥികളുടെ വീടുകളോട് ചേർന്ന് പഠനമുറി നിർമ്മിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; | (ബി) | പട്ടികജാതി വിദ്യാർത്ഥികളുടെ വീടുകളോട് ചേർന്ന് പഠനമുറി നിർമ്മിക്കാനുള്ള പദ്ധതിയ്ക്ക് സ.ഉ.(പി) നം. 13/2017/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തികവർഷം ഒരാൾക്ക് 2 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപ നിരക്കിൽ 5000 പഠനമുറി നിർമ്മിക്കുന്നതിന് ഭൗതികലക്ഷ്യം നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടി ജില്ലാ തലത്തിൽ ആരംഭിച്ചിട്ടുണ്ട്. ദുർബല വിഭാഗം ഗുണഭോക്താക്കൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനും, പഠനമുറി നിർമ്മിക്കുന്നതിന് സ്ഥലപരിമിതിയുള്ള ഗുണഭോക്താക്കൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അസിസ്റ്റന്റ് എഞ്ചിനിയറുടെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ വീടിനു മുകളിൽ പഠനമുറി നിർമ്മിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. നാളിതുവരെ 1300 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും, ഒന്നാം ഗഡു തുക അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പട്ടികജാതി കുട്ടികൾക്കായുള്ള പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ മുൻ സർക്കാരിന്റെ കാലത്ത് ഉണ്ടായിരുന്ന പരിതാപകരമായ സ്ഥിതി പരിഹരിച്ച് ആധുനിക സൗകര്യങ്ങളോടെ പഠനസൗകര്യം ഏർപ്പെടുത്താനും മികച്ച ഭക്ഷണം ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | വകുപ്പിന് കീഴിലുള്ള പ്രീമെട്രിക്, ഹോസ്റ്റലുകളും, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും നവീകരിച്ച്, നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് മികച്ച ഭക്ഷണവും നൽകിവരുന്നു. ഈ സർക്കാർ വന്ന ശേഷം വിദ്യാർത്ഥികളുടെ മെസ് ചാർജ്, പ്രീമെട്രിക് തലത്തിൽ 2000 രൂപയിൽ നിന്ന് 2500/-രൂപയായും പോസ്റ്റ് മെട്രിക് തലത്തിൽ 2300/- രൂപയിൽ നിന്ന് 2875 രൂപയായും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ